(എ) മഞ്ചേരി മണ്ഡലത്തിൽ സർക്കാർ സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്കൂളുകളിൽ പ്ലസ് ടു തുടങ്ങാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) പ്ലസ് ടു സ്കൂളുകളുടെ അപര്യാപ്തതമൂലം മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികൾക്ക് പഠനത്തിന് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) വിദ്യാർത്ഥികളുടെ പ്രയാസം കണക്കിലെടുത്ത് 2004-2005 അദ്ധ്യയന വർഷം മലപ്പുറം ജില്ലയിലെ 47 ഗവൺമെന്റ് സ്കൂളുകളിൽ പുതുതായി പ്ലസ് ടു കോഴ്സ് അനുവദിച്ചിട്ടുണ്ട്. കൂടാതെ 26 ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അഡീഷണൽ ബാച്ചും അനുവദിച്ചിട്ടുണ്ട്.

വയമ്പ്ര ഗവൺമെന്റ് ഹൈസ്കൂളിൽ പ്ലസ് ടു ആരംഭിക്കാൻ നടപടി

90 [3616] *ശ്രീ. യു. സി. രാമൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ കുരുവട്ടൂർ പഞ്ചായത്തിലെ വയമ്പ്ര ഗവൺമെന്റ് ഹൈസ്ക്കൂളിൽ പ്ലസ് ടു ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികളുടെ സൗകര്യം പരിഗണിച്ച് ഇവിടെ പ്ലസ് ടു അനുവദിക്കാൻ തയ്യാറാകുമോ;

(സി) എങ്കിൽ എന്നുമുതൽ ഇവിടെ പ്ലസ് ടു കോഴ്സ് ആരംഭിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുന്ദമംഗലം മണ്ഡലത്തിലെ വയമ്പ്ര ഗവൺമെന്റ് ഹൈസ്കൂളിൽ 28-6-2004-ലെ ജി. ഒ. (എം. എസ്.) 190/04/ജി. ഇ. ഡി. എൻ. ഉത്തരവു പ്രകാരം ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചിട്ടുണ്ട്.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly